## പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ( ഹയർ സെക്കണ്ടറി വിഭാഗം )
## നടപടി ക്രമം.

**ഹാജർ : ശ്രീ.ജീവൻബാബു.കെ ഐ.എ.എസ്**

പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കണ്ടറി വിഭാഗം ഏകജാലക പ്രവേശനം 2021-22 മാനേജ്മെൻറ് തർക്കമോ/കോടതി കേസോ നിലവിലുള്ള, കോട്ടയം ജില്ലയിലെ മണർകാട് സെൻറ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിലെ മാനേജ്മെൻറ് ക്വാട്ടാ സീറ്റുകൾ പൊതു മെറിറ്റ് സീറ്റുകളായി പരിഗണിച്ച് പ്രവേശനം നടത്തുന്നതുമായി ബന്ധപ്പെട്ട ഉത്തരവ്.

---

ഉത്തരവ് നമ്പർ : ഐ.സി.റ്റി സെൽ/1771/ഡി.ജി.ഇ-എച്ച്.എസ്സ്.ഇ/2021 തീയതി 13/10/2021

---

സൂചന: 1) സ.ഉ.(സാധാ) നം 3667/2021/പൊ.വി.വ, തിരുവനന്തപുരം തീയതി 12/08/2021
2) ഡബ്ല്യു.പി.(സി.) നം 19098/2021, ഡബ്ല്യു.പി.(സി.) നം 15234/2021 നമ്പർ കേസ് ഇടക്കാല ഉത്തരവ്.
3) ഐ.സി.റ്റി സെൽ/1771/ഡി.ജി.ഇ-എച്ച്.എസ്സ്.ഇ/2021 തീയതി 03/09/2021

## ഉത്തരവ്

ബഹു. കേരള ഹൈക്കോടതിയുടെ സൂചന 2 ഉത്തരവ് പ്രകാരം ഇരുകക്ഷികളേയും ഹിയറിങ്ങ് നടത്തി തീരുമാനമെടുക്കാൻ ഉത്തരവായതിൻെറ അടിസ്ഥാനത്തിൽ ഇരുകക്ഷികളേയും 29/09/2021, 05/10/2021 എന്നീ തീയതികളിൽ ഓൺലൈനായി ഹിയറിങ്ങ് നടത്തുകയുണ്ടായി.

സെൻറ്. മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മാനേജിങ്ങ് ബോർഡിന്, അതിൻെറ അംഗീകൃത ഭരണഘടന വ്യവസ്ഥകൾ പ്രകാരം തർക്ക രഹിതമായി തെരെഞ്ഞെടുപ്പ് നടത്തി, ഒരു മാനേജരെ കണ്ടെത്തി വകുപ്പ് തലത്തിൽ അവതരിപ്പിക്കാൻ ഇതു വരെ സാധിച്ചിട്ടില്ല. കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26/08/2020 ലെ നടപടി ക്രമത്തിലും, 2015 മുതൽ മനേജർ മാറ്റങ്ങൾക്കും നിയമനങ്ങൾക്കുമായി വ്യക്തമായ പ്രൊപ്പോസൽ സമർപ്പിക്കാൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. അതുകൊണ്ട് തന്നെ 2015 വർഷം മുതൽ മാനേജ്മെൻറ് മാറ്റം പ്രസ്തുത ഓഫീസിൽ നിന്നും അംഗീകരിച്ച് നൽകിയിട്ടില്ല.

അംഗീകരിച്ച ഭരണഘടന വ്യവസ്ഥകൾ പ്രകാരം, ഒരു മാനേജരെ നിശ്ചയിക്കുവാനും, അത് വകുപ്പിന് മുൻപാകെ അവതരിപ്പിച്ച് അംഗീകാരം തേടുവാനും വിദ്യാഭ്യാസ

ഏജൻസിക്ക് സാധിച്ചിട്ടില്ല എന്നതും ഈ കാര്യത്തിൽ തർക്കങ്ങൾ നിലനിൽക്കുന്നു എന്നതും വസ്തുതയാണ്.

മേൽ കാരണങ്ങൾ വിലയിരുത്തുമ്പോൾ സെൻറ്. മേരീസ് എച്ച്.എസ്സ്.എസ്സ്, മണർകാട്, കോട്ടയം സ്കൂളിനെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 03/09/2021 ലെ സൂചന 3 ഉത്തരവിൽ നിന്നും ഒഴിവാക്കേണ്ടതില്ല എന്ന് കാണുന്നു. ആയതിനാൽ സെൻറ്. മേരീസ് എച്ച്.എസ്സ്.എസ്സ്, മണർകാട്, കോട്ടയം സ്കൂളിലെ മാനേജ്മെൻറ് ക്വാട്ടാ സീറ്റുകൾ പൊതു മെറിറ്റ് സീറ്റുകളായി പരിഗണിച്ച് സപ്ലിമെൻററി അലോട്ട്മെൻറിൽ പ്രവേശനം നടത്തുന്നതിനായി ഉത്തരവാകുന്നു.

ഇത്തരത്തിൽ സൂചന 2 ബഹു: കേരള ഹൈക്കോടതി ഇടക്കാല ഉത്തരവ് നടപ്പിലാക്കിയിരിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ